# A.K.G. CENTRE FOR RESEARCH & STUDIES

Palayam, Thiruvananthapuram -34, Kerala, India


## 4th International Congress on Kerala Studies 2016


Phone: 0471-2305731, 2774500 Fax: 2307141 e-mail: akgcentre2014@gmail.com


തീയതി: 22-12-2015

<u>പ്രസിദ്ധീകരണത്തിന്</u>

## പഠനകോൺഗ്രസ്
## ലോഗോ പ്രകാശനം 24 ന്

തിരുവനന്തപുരം: എ.കെ.ജി പഠന ഗവേഷണ കേന്ദ്രം 2016 ജനുവരി 9, 10 തീയതികളിൽ സംഘടിപ്പിക്കുന്ന നാലാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ ലോഗോ സി.പി.ഐ(എം) പോളിറ്റ്ബ്യൂറോ അംഗം പിണറായി വിജയൻ പ്രകാശനം ചെയ്യും. ഡിസംബർ 24 ന് രാവിലെ 11 മണിയ്ക്ക് എ.കെ.ജി സെന്ററിലാണ് പരിപാടി.

അയ്യായിരത്തിലേറെ പ്രതിനിധികൾ പങ്കെടുക്കുന്ന പഠനകോൺഗ്രസിന്റെ രജിസ്ട്രേഷൻ എ.കെ.ജി സെന്ററിലെ പഠന കോൺഗ്രസ് സെല്ലിൽ ആരംഭിച്ചു. കേരളത്തിന് പുറത്തും അകത്തുമുള്ള വിവിധ സർവകലാശാലകളിലെ യുവ ഗവേഷകർക്ക് പ്രത്യേക സെഷൻ പഠന കോൺഗ്രസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് 200 രൂപയും മറ്റുള്ളവർക്ക് 500 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്.

www.keralapadanacongress.in / www.akgcentre.in എന്ന വെബ്സൈറ്റിൽ കയറി ഓൺലൈനായും രജിസ്റ്റർ ചെയ്യാം. എസ്.ബി.റ്റി.യുടെ കെ.യു.ഒ.സി ബ്രാഞ്ച് (SBT, KUOC Branch) ൽ 67346318069 എന്ന അക്കൗണ്ട് നമ്പറിലും ഫീസടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

രണ്ട് ദിവസമായി നടക്കുന്ന ചർച്ചകളിൽ അതാതു മേഖലകളിലെ വിദഗ്ദ്ധരും സന്നദ്ധ, രാഷ്ട്രീയ പ്രവർത്തകരും പങ്കെടുക്കും. 48 സമാന്തര സെക്ഷനുകളാണ് പഠന കോൺഗ്രസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.